**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1565** **03-02-2026 - ൽ മറുപടിയ്ക്ക്**

**മത്സ്യഗ്രാമങ്ങളിലെ പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൊല്ലം വെസ്റ്റ് വില്ലേജിൽ ഉൾപ്പെടുന്ന മത്സ്യഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ച് നല്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; പ്രസ്തുത മേഖലയിലെ അർഹരായ മുഴുവൻ കുടുംബങ്ങൾക്കും പട്ടയം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | കൊല്ലം വെസ്റ്റ് വില്ലേജിൽ ബ്ലോക്ക് 188, 189, 192, 194, 196, 197, 198 എന്നിവയിൽ ഉൾപ്പെടുന്ന മത്സ്യ ഗ്രാമങ്ങളിലെ മത്സ്യ തൊഴിലാളി കുടുംബങ്ങൾ പതിറ്റാണ്ടുകളായി കൈവശം വച്ച് അനുഭവിക്കുന്ന ഭൂമി പതിച്ചു നൽകുന്ന വിഷയം ഈ സർക്കാർ അനുഭാവപൂർവ്വം പരിശോധിച്ച് ക്രിയാത്മക ഇടപെടലുകൾ നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് പട്ടയം നൽകുന്നതിന് സാധിച്ചിട്ടുള്ളത്. "കടൽ പുറമ്പോക്ക്" എന്ന വിഭാഗത്തിലുൾപ്പെടുന്ന പ്രസ്തുത ഭൂമി പതിവിന് വിധേയമല്ല എന്ന് മുദ്ര കുത്തി ഉപേക്ഷിക്കപ്പെട്ടിരുന്നു. എന്നാൽ 1995-ലെ ഭൂ പതിവ് ചട്ടങ്ങൾ വിശദമായി പരിശോധിക്കുകയും കടൽ തീരത്തിനടുത്ത് സമുദ്രത്തിലെ ഉയർന്ന വേലിയേറ്റ പോയിന്റിൽ (HTL) നിന്നും 30.480 മീറ്റർ ഉള്ളിലുള്ള ഭൂമി മാത്രം പതിവിന് വിധേയമല്ല എന്ന ചട്ടം 6(3) (ii) പ്രകാരമുള്ള വിവരണത്തിന്റെ പിൻബലത്തിൽ പട്ടയം അനുവദിക്കാൻ അനുമതി നൽകി സർക്കാർ G.O.(Ms).No 106/2024/RD തീയതി 22.06.2024 പ്രകാരം പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഇതിലൂടെ 511 കുടുംബങ്ങളുടെ പതിറ്റാണ്ടുകളായുള്ള ആവശ്യത്തിന് സർക്കാരിന്റെ ഇച്ഛാശക്തിയിലൂടെ പരിഹാരം കാണുകയായിരുന്നു. |

സെക്ഷൻ ഓഫീസർ